**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6185** **09-07-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമപെൻഷൻ വിതരണത്തിനായി സഹകരണ സംഘങ്ങളിൽ നിന്നും നൽകിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനായി ഏതെല്ലാം സഹകരണ സംഘങ്ങളിൽ നിന്നും, സർക്കാരിന്റെയും സഹകരണ രജിസ്ട്രാറുടേയും ഇടപെടൽ വഴി പണം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കമ്പനിക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനുള്ള തുക വായ്പയായി നൽകുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്നും തുക സ്വരൂപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകി 14.03.2019 ലെ ജി.ഒ.(ആർ.റ്റി)200/2019/സഹ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കൺസോർഷ്യത്തിൽ എംപ്ലോയീസ് സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തുന്നതിന് സർക്കാരിന്റെ 29.03.2019 -ലെ ജി.ഒ.(ആർ.റ്റി)232/2019/സഹ നമ്പർ ഉത്തരവ് പ്രകാരവും മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തുന്നതിന് ജി.ഒ.(ആർ.റ്റി) 257/2019/സഹ നമ്പർ ഉത്തരവ് പ്രകാരവും അനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും എംപ്ലോയീസ് സംഘങ്ങളും മറ്റ് പ്രാഥമിക സഹകരണ സംഘങ്ങളും സാമൂഹ്യ സുരക്ഷാ പെൻഷൻ കൺസോർഷ്യത്തിലേയ്ക്ക് ഫണ്ട് നിക്ഷേപിക്കുന്നുണ്ട്. |
| (ബി) | ഇപ്രകാരം തുക നൽകിയിട്ട് എത്ര വർഷമായെന്നും നൽകിയ തുക ഏതെങ്കിലും സംഘത്തിന് മടക്കി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ബി) | കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 2018 മുതൽ ഒരു വർഷ കാലാവധിയിൽ നിശ്ചിത പലിശ നിരക്കിലാണ് വായ്പകൾ നൽകി വന്നിട്ടുള്ളത്. ടി കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് തുക തിരികെ ആവശ്യപ്പെട്ടിട്ടുള്ള സംഘങ്ങൾക്ക് തിരികെ നൽകിയിട്ടുള്ളതും വായ്പ പുതുക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള സംഘങ്ങൾക്ക് സർക്കാർ ഉത്തരവിന് വിധേയമായി നിശ്ചിത പലിശ നിരക്കിൽ പുതുക്കി നൽകിയിട്ടുള്ളതുമാണ്. നാളിതുവരെ 3170 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ എംപ്ലോയീസ് സംഘങ്ങൾ/ മറ്റ് പ്രാഥമിക സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങൾ നൽകിയിട്ടുള്ള 7173.26 കോടി രൂപ സംഘങ്ങൾക്ക് തിരികെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ